'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം- കോട്ടയം ജില്ല - ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) സെക്രട്ടറിമാരായ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഷറഫുദ്ദീൻ എസ്. എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.131/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/01/2020**

---

പരാമർശം:- 1 ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ മുമ്പാകെ ഏറ്റുമാനൂർ നഗരസഭ ചെയർമാൻ ശ്രീ. ജെയിംസ് തോമസ് സമർപ്പിച്ച 20.04.2016-ലെ പരാതി

2 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 10.05.2016-ലെ ഇ5-14884/2016 നമ്പർ കത്ത്

3 സർക്കാരിന്റെ 04.07.2018-ലെ ഇപിബി2/149/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഷറഫുദ്ദീൻ എസ്. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 സ.ഉ.(സാധാ) നം.571/2019/തസ്വഭവ തീയതി 08.03.2019

6 കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.05.2019-ലെ എവിഎസ്-10266/12 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ (നിലവിൽ നഗരസഭ) ഔദ്യോഗിക ഫയലുകൾ നഷ്ടപ്പെട്ടതിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്നും അപേക്ഷിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഏറ്റുമാനൂർ നഗരസഭാ ചെയർമാൻ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടർക്ക് നൽകിയ പരാതി അനന്തര നടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർക്ക് പരാമർശം (2) പ്രകാരം ലഭ്യമാക്കുകയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ ഔദ്യോഗിക ഫയലുകൾ നഷ്ടപ്പെട്ടതിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ ഭാഗത്തുനിന്നും മനപൂർവ്വമായ വീഴ്ച ഉണ്ടായതായും ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് വക പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം അനധികൃതമായി പഞ്ചായത്ത് വസ്തു കൈവശം വച്ചിരുന്ന ടിപ്സി ബാർ ഹോട്ടൽ ഉടമകൾ ഉൾപ്പെടെയുള്ളവരിൽ നിന്നും നിയമാനുസരണം പഞ്ചായത്ത് ഭൂമി തിരികെ എടുത്ത് ആയതിന്റെ മുഴുവൻ രേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരുന്നതായും ആയത് സംബന്ധിച്ച് ടിപ്സി ബാർ ഉടമകൾ നൽകിയ കേസുമായി ബന്ധപ്പെട്ട് കോടതിയിൽ രേഖകൾ ഹാജരാക്കാൻ പരിശോധിച്ച സമയത്ത് ടി

ഫയലുകളും മറ്റ് രേഖകളും നഷ്ടപ്പെട്ടതായി ബോധ്യപ്പെട്ടതായും അവ സ്വകാര്യ വ്യക്തികൾക്ക് ലാഭമുണ്ടാക്കുന്നതിനായി ചെയ്തതാണെന്ന് നഗരസഭാ ചെയർമാൻ മൊഴി നൽകിയിട്ടുള്ളതായും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇക്കാര്യം പരിശോധിച്ചതിൽ ഏറ്റുമാനൂർ മുൻസിപ്പാലിറ്റി നഗരസഭയായി ഉയർത്തിയ സമയത്ത് ഫയലുകൾ നഷ്ടമായി എന്ന കാരണത്താൽ അച്ചടക്ക നടപടി സ്വീകരിച്ചുകൊണ്ടിരുന്ന പല ഫയലുകളിലും അന്വേഷണം നടത്തുന്നതിനോ കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിനോ സാധിച്ചിട്ടില്ല എന്ന് കാണുന്നു. ഒരു ഓഫീസ് ഷിഫ്റ്റ് ചെയ്യുമ്പോൾ ഓഫീസിലെ പ്രധാന രേഖകൾ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ട കർത്തവ്യം ടി ഓഫീസിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥനുതന്നെയാണ്. ഈ സാഹചര്യത്തിൽ ടി ഓഫീസിലെ സെക്രട്ടറിക്ക് ഫയലുകൾ നഷ്ടപ്പെട്ടതിൽ നിന്ന് ഒഴിഞ്ഞു മാറാൻ സാധിക്കുകയില്ലായെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ അന്നത്തെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ ഷറഫുദ്ദീൻ എസ്. എന്നിവർക്കെതിരെ ടിയാളുകൾ യഥാക്രമം 31.11.2015, 30.04.2017 എന്നീ തീയതികളിൽ സേവനത്തിൽ നിന്ന് വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി. ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ ഷറഫുദ്ദീൻ എസ്. എന്നിവരുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം ആജീവനാന്തം കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഷറഫുദ്ദീൻ എന്നിവർ പരാമർശം ( 4 ) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. തുടർന്ന് ടിയാളുകൾക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (5) പ്രകാരം കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (6) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. കെ.കെ. ശശിധരൻ സെക്രട്ടറിയായിരുന്ന 24.04.2010 മുതൽ 30.11.2012 വരെയുള്ള കാലയളവിലാണ് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ ടിപ്പി ബാറിന്റെ പുറംപോക്ക് ഭൂമി കൈയ്യേറ്റം ഉൾപ്പെടെയുള്ള കൈയ്യേറ്റങ്ങൾ അളന്നു തിട്ടപ്പെടുത്തുകയും ഒഴിപ്പിക്കുകയും ചെയ്തിട്ടുള്ളതെന്നും ഇതിനു ശേഷമാണ് ഹോട്ടൽ ഉടമ കേസുമായി മുന്നോട്ട് പോയിട്ടുള്ളതെന്നും കേസുമായി ബന്ധപ്പെട്ട് സ്റ്റേറ്റുമെന്റ് തയ്യാറാക്കുന്നതിനുവേണ്ടി രേഖകൾ പരിശോധിക്കുമ്പോഴാണ് ഫയൽ നഷ്ടപ്പെട്ടതായി അറിയുന്നത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.. ഏറ്റുമാനൂർ നഗരസഭ മുൻ ചെയർമാൻ ശ്രീ. ജെയിംസ് പ്ലാക്കിത്തൊട്ടിയിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് സമർപ്പിച്ച പരാതിയിൽ നഷ്ടപ്പെട്ട ഫയലിന്റെ നമ്പർ ഏതാണെന്ന് പറയുന്നില്ല. കൂടാതെ നഷ്ടപ്പെട്ടതായി പറയുന്ന ഫയലിന്റെ നമ്പർ ഒരു സ്ഥലത്തും പ്രതിപാദിക്കുന്നതുമില്ല. മാത്രവുമല്ല ചാർജ് കൈമാറ്റ രജിസ്റ്റർ, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ എന്നീ രജിസ്റ്ററുകളുടെ അഭാവം മൂലം ഏത് സെക്ഷനിൽനിന്നും ആരുടെ കാലയളവിലാണ് ഫയൽ നഷ്ടപ്പെട്ടതെന്ന് കൃത്യമായി കണ്ടെത്തുന്നതിന് സാധിക്കുന്നില്ല. എന്നാൽ ശ്രീ. സൈമൺ വർഗ്ഗീസ് സെക്രട്ടറിയായിരുന്ന സമയത്ത് പ്രധാനപ്പെട്ട ഫയലുകൾ സെക്രട്ടറി നേരിട്ട് കൈകാര്യം ചെയ്യുന്ന പ്രവണത ഉണ്ടായിരുന്നുവെന്ന് ശ്രീമതി. ഷൈലശ്രീയുടെ മൊഴിയിൽ പറയുന്നു. മുൻ പ്രസിഡന്റ് ശ്രീ. ബീജ്ജ ജോസഫിന്റെ മൊഴിയിൽ പുറംമ്പോക്ക് ഭൂമിയുടെ കേസുമായി ബന്ധപ്പെട്ട് സെക്രട്ടറി ശ്രീ. സൈമൺ വർഗ്ഗീസ് കമ്മിറ്റിയിൽ സംസാരിച്ചിരുന്നു. ഫയൽ സംബന്ധിച്ച് കമ്മിറ്റിയിൽ സംസാരിച്ചിരുന്നുവെങ്കിലും ഫയൽ നഷ്ടപ്പെട്ടതായി പറഞ്ഞിരുന്നില്ല. വാർഡ് മെമ്പർ ആയിരുന്ന ശ്രീ. ജോഷിമോന്റെ മൊഴിയിലും ശ്രീ. സൈമൺ വർഗ്ഗീസ് സെക്രട്ടറിയായിരുന്ന സമയത്ത് ടി ഫയലിനെപ്പറ്റി സംസാരിക്കുകയും കമ്മിറ്റിയിൽ ചർച്ച

ചെയ്തിട്ടുള്ളതായും പറയുന്നു. മുൻ പ്രസിഡന്റ് ശ്രീ. ജെയിംസ് പ്ലാക്കിത്തൊട്ടിയിലിന്റെ മൊഴിയിൽ ശ്രീ. സൈമൺ വർഗ്ഗീസ് പുറംമ്പോക്ക് ഭൂമി ഒഴിപ്പിക്കൽ സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്തിരുന്നതായും ടിയാൻ ചാർജ്ജ് എറ്റെടുത്ത ശേഷം ഫയലിനെപ്പറ്റി യാതൊരു വിവരവും ഇല്ലാതെയായെന്നും പറയുന്നു. ശ്രീ, സൈമൺ വർഗ്ഗീസ് സെക്രട്ടറിയായിരുന്ന കാലയളവിൽ പ്രധാനപ്പെട്ട ഫയലുകൾ സെക്രട്ടറി സ്വന്തം നിലയിൽ നേരിട്ട് കൈകാര്യം ചെയ്തിട്ടുള്ളതായി പറയുന്നു. ശ്രീ. ഷറഫുദ്ദീൻ സെക്രട്ടറിയായിരുന്ന സമയത്ത് കേസുമായി ബന്ധപ്പെട്ട് ടി ഫയലിനെക്കുറിച്ച് അന്വേഷിക്കുമ്പോഴാണ് ഫയൽ നഷ്ടപ്പെട്ടിട്ടുള്ളതായി അറിയുന്നത്. ടിയാൻ സെക്രട്ടറിയായി ഉണ്ടായിരുന്നത് 04.11.2014 മുതൽ 30.04.2017 വരെയാണ്. ശ്രീ, ഷറഫുദ്ദീൻ ഫയലുകൾ നേരിട്ട് കൈകാര്യം ചെയ്തിരുന്നതായി മൊഴികളിൽ പറയുന്നില്ല. മേൽ മൊഴികളിൽനിന്നും ടിപ്സി ഹോട്ടൽ പുറംമ്പോക്ക് കൈയ്യേറ്റം സംബന്ധിച്ച ഫയൽ ശ്രീ. സൈമൺ വർഗ്ഗീസിന്റെ കാലയളവിൽ തന്നെയാണ് നഷ്ടമായത് എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നില്ലെങ്കിലും ആയതിനുള്ള സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

തുടർന്ന് ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഷറഫുദ്ദീൻ എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ടവേളയിൽ ശ്രീ. സൈമൺ വർഗ്ഗീസ് എറ്റുമാനൂർ ഗ്രാമ പഞ്ചായത്തിൽ 16.07.2014 മുതൽ 26.09.2014 വരെയാണ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നതെന്നും ടിപ്സി ഹോട്ടൽ കേസ് സബ് കോടതിയിൽ ഫയൽ ചെയ്തിരിക്കുന്നത് 2015ലാണെന്നും ആയതിനാൽ നഷ്ടപ്പെട്ടെന്നു പറയുന്ന ഫയൽ താൻ കൈകാര്യം ചെയ്തിട്ടില്ലെന്നും കൂടാതെ പ്രസ്തുത കോടതി മുമ്പാകെ നൽകിയ പരാതിയിൽ തനിക്കെതിരെ ആരോപണങ്ങളൊന്നും ഉന്നയിച്ചിട്ടില്ലെന്നും 01,04.2017-ലെ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ തന്റെ കാലഘട്ടത്തിലാണ് ഫയൽ നഷ്ടപ്പെട്ടതെന്നുള്ളതിന് തെളിവുകളൊന്നുമില്ലായെന്നും എൻക്വയറി ഓഫീസർ മുമ്പാകെ മൊഴി നൽകിയ ശ്രീമതി. ഷൈലശ്രീ, വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഫയൽ നഷ്ടപ്പെട്ടതിന് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തെ ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ശിക്ഷ ലഭിച്ചിട്ടുള്ള ആളാണെന്നും തന്റെ കാലയളവിൽ ഫയലുകളൊന്നും നഷ്ടപ്പെട്ടിട്ടില്ലായെന്നും ഓഫീസ് മാനുവൽ പ്രകാരം സെക്രട്ടറിക്കു താഴെയുള്ള ഓഫീസർമാരാണ് ഫയൽ സൂക്ഷിക്കേണ്ടത് എന്നിരിക്കെ സെക്രട്ടറിക്കുമേൽ മാത്രമായി ഫയൽ സൂക്ഷിക്കേണ്ട ബാധ്യത ചുമത്തുന്നത് അനീതിയാണെന്നും 30.15.2015-ൽ റിട്ടയർ ചെയ്തുവെങ്കിലും ഡി.സി.ആർ.ജി. ഇതേവരെ ലഭിച്ചിട്ടില്ലായെന്നും ആയതിനാൽ തനിക്കെതിരെയുള്ള അച്ചടക്ക നടപടിയിൽനിന്നും ഒഴിവാക്കി തനിക്ക് നീതി ലഭ്യമാക്കണമെന്നും കുറ്റാരോപിതനായ ശ്രീ. സൈമൺ വർഗ്ഗീസ് അഭ്യർത്ഥിക്കുകയുണ്ടായി.

ശ്രീ. ഷറഫുദ്ദീൻ എറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 04.11,2014 മുതൽ 30.11.2017 വരെയാണ് സേവനം അനുഷ്ഠിച്ചിരുന്നത്. വിജിലൻസ് പരിശോധന നടത്തിയത് 31.01.2017-ൽ ആണ്. താൻ ജോലിയിൽ പ്രവേശിച്ച് ഒരാഴ്ചക്കുള്ളിൽ പ്രസിഡന്റ് ബന്ധപ്പെട്ട ഫയൽ ഹാജരാക്കുവാൻ ആവശ്യപ്പെടുകയുണ്ടായിയെന്നും എന്നാൽ ഫയൽ കണ്ടെത്തുന്നതിന് എല്ലാ തലത്തിലും അന്വേഷണം നടത്തിയെങ്കിലും കണ്ടെത്തുവാൻ കഴിഞ്ഞില്ലയെന്നും ഇക്കാര്യം പ്രസിഡന്റ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയുണ്ടായിയെന്നും നഷ്ടപ്പെട്ടു എന്നു പറയുന്ന ഫയൽ റീ-സർവ്വെ ഓഫീസർമാരുടെ സ്കെച്ചും പ്ലാനും പഞ്ചായത്ത്കമ്മിറ്റി തീരുമാനവും ഉൾക്കൊള്ളുന്നതായിരുന്നവെന്നും ഓഫീസിൽ വിശദമായി അന്വേഷിച്ചതിന്റെ ഫലമായി പ്രസ്തുത രേഖകളുടെ പകർപ്പ് അഡ്വക്കേറ്റിനെ ഏൽപ്പിക്കുകയും ചെയ്തുവെന്നും ഈ സത്യാവസ്ഥ അന്നത്തെ പ്രസിഡന്റിന് അറിയാവുന്നതാണെന്നും അതുപോലെതന്നെ നഷ്ടപ്പെട്ടുപോയ ഫയലിന്റെ നമ്പർ എങ്ങും പ്രതിപാദിക്കുന്നില്ലായെന്നും കൂടാതെ ടിപ്സി ഹോട്ടൽ സംബന്ധിച്ച കേസ് പഞ്ചായത്തിന് അനുകൂലമായാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളതെന്നും ആയതിനാൽ തന്റെ പ്രതിമാസ

പെൻഷനിൽ നിന്നും 2000/- രൂപ വീതം പിടിക്കുവാനുള്ള തീരുമാനം നിയമവിരുദ്ധമാണെന്നും ശരിയായിട്ടുള്ളതല്ലെന്നും നിലനിൽക്കുന്നതല്ലെന്നും ഫയൽ നഷ്ടപ്പെട്ടതുമായി തനിക്ക് യാതൊരു പങ്കുമില്ലെന്നും ആയതിനാൽ തനിക്കെതിരെയുള്ള എല്ലാ നടപടികളും അവസാനിപ്പിക്കണമെന്നും ശ്രീ. ഷറഫുദ്ദീൻ ആവശ്യപ്പെടുകയുണ്ടായി.

ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിന്റെയും നേരിൽ കേട്ടവേളയിൽ ഉദ്യോഗസ്ഥർ സമർപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏറ്റുമാനൂർ നഗരസഭ മുൻ ചെയർമാൻ ശ്രീ. ജെയിംസ് പ്ലാക്കിത്തൊട്ടിയിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് സമർപ്പിച്ച പരാതിയിൽ ഫയലിന്റെ നമ്പർ ഏതാണെന്ന് പറയുന്നില്ല. കൂടാതെ നഷ്ടപ്പെട്ടതായി പറയുന്ന ഫയലിന്റെ നമ്പർ ഒരു സ്ഥലത്തും പ്രതിപാദിക്കുന്നതുമില്ല. മാത്രവുമല്ല ചാർജ് കൈമാറ്റ രജിസ്റ്റർ, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ എന്നീ രജിസ്റ്ററുകളുടെ അഭാവം മൂലം ഏതു സെക്ഷനിൽനിന്നും ആരുടെ കാലയളവിലാണ് ഫയൽ നഷ്ടപ്പെട്ടതെന്ന് കൃത്യമായി കണ്ടെത്തുന്നതിന് സാധിക്കുന്നില്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുമുണ്ട്. കൂടാതെ ശ്രീ. കെ.കെ. ശശിധരൻ സെക്രട്ടറിയായിരുന്ന 24.04.2010 മുതൽ 30.11.2012 വരെയുള്ള കാലയളവിലാണ് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ ടിപ്സി ബാറിന്റെ പുറംപോക്ക് ഭൂമി കൈയ്യേറ്റം ഉൾപ്പെടെയുള്ള കൈയ്യേറ്റങ്ങൾ അളന്നു തിട്ടപ്പെടുത്തുകയും ഒഴിപ്പിക്കുകയും ചെയ്തിട്ടുള്ളത്. ഇതിനു ശേഷമാണ് ഹോട്ടൽ ഉടമ കേസുമായി മുന്നോട്ട് പോയിട്ടുള്ളതെന്നും അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ . സൈമൺ വർഗ്ഗീസ്, സെക്രട്ടറിയായിരുന്ന കാലയളവിൽ പ്രധാനപ്പെട്ട ഫയലുകൾ സെക്രട്ടറി സ്വന്തം നിലയിൽ നേരിട്ട് കൈകാര്യം ചെയ്തിട്ടുള്ളതായി കാണുന്നു വെങ്കിലും നഷ്ടപ്പെട്ടുയെന്നു പറയുന്ന ഫയൽ ശ്രീ. സൈമൺ വർഗ്ഗീസ് കൈകാര്യം ചെയ്തിരുന്നതായി റിപ്പോർട്ടിൽ പറയുന്നില്ല. ശ്രീ . ഷറഫുദ്ദീൻ സെക്രട്ടറിയായിരുന്ന സമയത്ത് കേസുമായി ബന്ധപ്പെട്ട് ടി ഫയലിനെക്കുറിച്ച് അന്വേഷിക്കുമ്പോഴാണ് ഫയൽ നഷ്ടപ്പെട്ടിട്ടുള്ളതായി അറിയുന്നത്. ടിയാൻ സെക്രട്ടറിയായി ഉണ്ടായിരുന്നത് 04.11.2014 മുതൽ 30.04.2017 വരെയാണ്. ശ്രീ. ഷറഫുദ്ദീൻ ഫയലുകൾ നേരിട്ട് കൈകാര്യം ചെയ്തിരുന്നതായി മൊഴികളിൽ പറയുന്നില്ല. എന്നാൽ ശ്രീ. സൈമൺ വർഗ്ഗീസ് ഫയലുകൾ നേരിട്ട് കൈകാര്യം ചെയ്തിരുന്നതായി മൊഴികളിൽ പറയുന്നുവെങ്കിലും ടിപ്സി ഹോട്ടൽ പുറംമ്പോക്ക് കൈയേറ്റം സംബന്ധിച്ച ഫയൽ ശ്രീ. സൈമൺ വർഗ്ഗീസ് കൈകാര്യം ചെയ്തിട്ടുണ്ടെന്നുള്ളതിനോ ആ കാലയളവിൽ തന്നെയാണെന്ന് പ്രസ്തുത ഫയൽ നഷ്ടപ്പെട്ടത് എന്നുള്ളതിനോ വ്യക്തമായ തെളിവ് ലഭ്യമാക്കിയിട്ടില്ല. ടിപ്സി ഹോട്ടൽ സംബന്ധിച്ച കേസ് പഞ്ചായത്തിന് അനുകൂലമായാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. ടി കേസ്സിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചതായി എങ്ങും രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ പെൻഷനിൽനിന്ന് കുറവ് വരുത്തുന്നത് കടുത്ത അച്ചടക്ക നടപടിയായതിനാലും ശ്രീ. സൈമൺ വർഗ്ഗീസും, ശ്രീ, ഷറഫുദ്ദീനും ഫയൽ നഷ്ടപ്പെട്ടതിന് ഉത്തരവാദിയാണെന്നുള്ളതിന് വ്യക്തമായ തെളിവില്ലാത്തതിനാലും ടിയാളുകൾ റിട്ടയർ ചെയ്തിട്ടുള്ള സാഹചര്യത്തിലും കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) സെക്രട്ടറിമാരായിരുന്ന ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഷറഫുദ്ദീൻ എസ്. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

## File No.LSGD-EPB2/149/2017-LSGD

1. ശ്രീ. സൈമൺ വർഗ്ഗീസ്, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. ശ്രീ. ഷറഫുദ്ദീൻ എസ്, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (വിജി.ഡി1/761/2019/വിജി. തീയതി 23.11.2019 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/149/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ